File No.FWLD-D2/259/2018-FWLD

**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4099

25.06.2018-ൽ മറുപടിയ്ക്ക്.

**ആനകളുടെ പരിശീലനത്തിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോടനാട്, കോന്നി എന്നീ ആനക്കൂടുകളിലെ നീലകണ്ഠൻ, സുരേന്ദ്രൻ എന്നീ കുട്ടിയാനകളെ താപ്പാന പരിശീലനത്തിനായി തമിഴ് നാട് മുതുമല ആന ക്യാമ്പിലേക്ക് കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള പേപ്പർ ജോലികൾ നടക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) കേരളത്തിൽ നിന്നും 3 ആനകളെ തമിഴ് നാട്ടിലെ മുതുമല ആനക്യാമ്പിൽ എത്തിച്ച് 3 മാസത്തെ കുങ്കി പരിശീലനം നൽകി കേരള വനം വകുപ്പിൽ കുങ്കി ആനയാക്കി മാറ്റുവാൻ തീരുമാനിച്ചതു പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഉണ്ടെങ്കിൽ കാട്ടാനകളെ ഓടിക്കുന്ന താപ്പാന പരിശീലനത്തിന് തൊഴിൽ അറിയാവുന്ന പാപ്പാൻമാരും കാട്ടാനകളെ തുരത്തേണ്ട സാഹചര്യമുള്ള കോട്ടപ്പാറ, പ്ലാമുടി, കുട്ടമ്പുഴ, വടാട്ടുപാറ അടക്കമുള്ള നിരവധി പ്രദേശങ്ങളും ഇവിടെയുള്ളപ്പോൾ ഇവിടെയുള്ള ആനകളെ ഇവിടെത്തന്നെ പരിശീലിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) കുങ്കി ആന പരിശീലനത്തിനുള്ള ഭൗതിക സാഹചര്യം കേരളത്തിൽ നിലവിലില്ല. കൂടാതെ പരിശീലനം നൽകുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും കേരളാ വനം വകുപ്പിൽ നിലവിലില്ലാത്തതിനാലാണ് മേൽപ്പറഞ്ഞ 3 ആനകളെ തമിഴ് നാട് വനം വകുപ്പിന്റെ സഹായത്തോടെ കുങ്കി പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ